I/5647165/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

നമ്പർ.സി2/43/2023/ഐ&പി.ആർ തിരുവനന്തപുരം,തീയതി: 13-03-2023

**ഡിസൈനർ / ഫാബ്രിക്കേറ്റർമാരുടെ ശ്രദ്ധയ്ക്ക്**

സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ "എന്റെ കേരളം - 2023 പ്രദർശനവിപണനമേള" ഏപ്രിൽ ആദ്യവാരം ആരംഭിച്ച് മെയ് അവസാനം തിരുവനന്തപുരത്ത് സമാപിക്കുന്ന നിലയിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ചുരുങ്ങിയത് 7 ദിവസം വീതമാണ് മേള നടക്കുന്നത് . മേളയിൽ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സ്റ്റാളുകൾ " കേരളം ഒന്നാമത് " എന്ന തീമിൽ ഡിസൈനിംഗ് & ഫാബ്രിക്കേഷൻ ചെയ്യുന്നതിന് താത്പര്യമുള്ള ഏജൻസികളിൽ നിന്നും ഡിസൈൻ ക്ഷണിക്കുന്നു. കേരളം ഒന്നാമതായി നിൽക്കുന്ന സർക്കാരിന്റേതായ നേട്ടങ്ങൾക്ക് പ്രധാന പരിഗണന നല്കിക്കൊണ്ട് പരമാവധി 1500 സ്ക്വയർ ഫീറ്റിലാണ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സ്റ്റാൾ തയ്യാറാക്കേണ്ടത്. ഒരു ഏജൻസിക്ക് ഒന്നിലധികം ഡിസൈനുകൾ സമർപ്പിക്കാവുന്നതാണ്. ഒറിജിനൽ കളറിൽ തന്നെയാകണം ഡിസൈനുകൾ അവതരിപ്പിക്കേണ്ടത് .

താത്പര്യമുള്ള ഏജൻസികൾ 2023 മാർച്ച് 22 ന് രാവിലെ 11 മണിക്ക് സെക്രട്ടേറിയറ്റിലെ പി ആർ ചേംബറിൽ ജഡ്ജിംഗ് കമ്മിറ്റി മുമ്പാകെ ഡിസൈനുകൾ സമർപ്പിച്ച് അവതരണം നടത്തേണ്ടതാണ്. ഡിസൈനൊപ്പം തീമിനെ/വിഷയത്തെ കുറിച്ചുള്ള വിശദാംശങ്ങളും സമർപ്പിക്കേണ്ടതാണ്. തെരഞ്ഞടുക്കുന്ന ഡിസൈൻ സമർപ്പിച്ച ഏജൻസി കമ്മിറ്റി മുമ്പാകെ എസ്റ്റിമേറ്റും സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കുന്ന ഏജൻസി തന്നെ ഇതിന്റെ ഫാബ്രിക്കേഷൻ വർക്കുകളും നിർവഹിക്കേണ്ടതാണ്. ഇതിനായുള്ള ചെലവ് ബന്ധപ്പെട്ട തലത്തിലുള്ള വിലയിരുത്തലിന് വിധേയമായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് അനുവദിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് :

ഫോൺ നം. 0471 -2518013. 2518447, 9447971832

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ